# ഗവ. എൽ. പി. എസ്., ആര്യവിലാസം



1905



പ്രഥമാധ്യാപിക
പി. ആർ. പുഷ്കലകുമാരി അമ്മ



പി.ടി.എ. പ്രസിഡന്റ്
ജയചന്ദ്രൻ

ചിറയിൻകീഴ് താലൂക്കിൽ പണ്ടകശാല മുക്കാലുവട്ടം കരയിലാണ് ഈ സ്കൂൾ. 1905-ൽ ശാർക്കര ദേവീക്ഷേത്രത്തിന് പടിഞ്ഞാറ് 'തിരുവാതിൽ' എന്ന നായർ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള കുടിപ്പള്ളിക്കൂടമായിരുന്നു ഇത്. മുക്കാലുവട്ടം ദേവീക്ഷേത്രത്തിനു സമീപം ഒരു ഓലമേഞ്ഞ താൽക്കാലിക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചുവന്നത്.

1916-ൽ സ്കൂൾ സർക്കാർ ഏറ്റെടുത്തു. അദ്യ പ്രഥമാധ്യാപകൻ തിരുവാതിൽ ശ്രീ ശങ്കരപിള്ള ഉൾപ്പെടെ നാല് അധ്യാപകർ ഉണ്ടായിരുന്നു. നാട്ടുകാർ നൽകിയ 45 സെന്റ് സ്ഥലത്താണ് ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ആദ്യവിദ്യാർഥി സിജോമ്മയാണ്.

ശ്രീ പത്മനാഭപിള്ള, ശ്രീ പണിക്കർ, ശ്രീ ജനാർദ്ദനൻപിള്ള തുടങ്ങിയവർ ഈ സ്കൂളിന്റെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചവരാണ്. കൊച്ചുമംഗ്ലാവിൽ രാമകൃഷ്ണൻ, വെട്ടത്തുവീട്ടിൽ നാണു, ചെറുപറമ്പിൽ കൊച്ചു കാർത്ത്യായനി, വെട്ടത്തുവീട്ടിൽ ശാരദ എന്നിവരും ആദ്യകാല വിദ്യാർഥികൾ.

പ്രഥമാധ്യാപിക ശ്രീമതി പി.ആർ. പുഷ്കലകുമാരിയെ കൂടാതെ 4 അധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. ആകെ 51 വിദ്യാർഥികളിൽ (24 ആൺ, 27 പെൺ) 8 പേർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു.

ഗവ. എൽ.പി.എസ്., ആര്യവിലാസം, ചിറയിൻകീഴ് പി.ഒ., തിരുവനന്തപുരം- 695 304


Esc
F1
F2
F3
F4
F5
F6
F7
~
!
1
@
2
#
3
$
4 ₹
%
5 €
^
6
Tab
Q
W
E
R
T
Y
Caps Lock
A
S
D
F
G
H
Shift
Z
X
C
V
B
Fn
Alt